**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4583** **13/11/2019-ലെ മറുപടിക്ക്**

**പറമ്പിക്കുളം- ആളിയാർ നദീജലക്കരാർ പുനരവലോകനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളം- ആളിയാർ നദീജലക്കരാർ പുനരവലോകനം ചെയ്യുവാൻ വേണ്ടി കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ നടത്തിയ സംയുക്ത യോഗത്തിൽ അന്തർസംസ്ഥാന നദീജലവിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട് |
| (ബി) ഇത് സംബന്ധിച്ച് രൂപീകരിക്കുന്ന ഉദ്യോഗസ്ഥ സമിതിയിൽ പരിഗണിക്കുന്ന വിഷയങ്ങൾ മുഖ്യമന്ത്രിമാരുടെ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്. അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും തമ്മിൽ 25/09/2019ൽ തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രി തല ചർച്ചയിലെ, തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പറമ്പികുളംആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരു സംസ്ഥാനങ്ങളിലേയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ, ഓരോ സംസ്ഥാനത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണെന്നും തീരുമാനി ക്കുകയുണ്ടായി.<br>i) ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം;<br>ii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ;<br>iii) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ<br>ഇതിനുപുറമെ ചാലിയാർ പുഴയുടെ രണ്ട് |

| | | |
|---|---|---|
| | | കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാനും തീരുമാനിക്കുകയുണ്ടായി. |
| (സി) കേരള സർക്കാർ ഉദ്യോഗസ്ഥ സമിതിയിലേക്ക് നിശ്ചയിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; സർക്കാർ വിശദമായി ചർച്ച ചെയ്തശേഷം വിഷയങ്ങൾ തീരുമാനിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) | ജലവിഭവ വകുപ്പ് സെക്രട്ടറി ഡോ. ബി. അശോക്, ഐ.എ.എസ്, ജലസേചന വകുപ്പിലെ ഐ.എസ്.ഡബ്ല്യു. വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീ. കെ. എച്ച്. ഷംസുദീൻ, ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ ശ്രീ. കെ.എ ജോഷി, ജെ.ഡബ്ല്യു.ആർ ഡിവിഷൻ ജോയിന്റ് ഡയറക്ടർ ശ്രീ. സുധീർ പി, ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയർ ശ്രീ. വി. കെ മഹാനുദേവൻ എന്നിവരെയാണ് പ്രസ്തുത സമിതിയിലേയ്ക്ക് കേരളത്തിന്റെ ഭാഗത്ത് നിന്നും നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. തമിഴ്നാടുമായി വിശദമായ ചർച്ച ചെയ്തതിനുശേഷമാണ് പരിഗണനാവിഷയങ്ങൾ തീരുമാനിച്ചത്. കൂടുതൽ വിഷയങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കണമെന്ന് കരുതുന്ന പക്ഷം ഇത് സംബന്ധിച്ച് രൂപീകരിക്കുന്ന സംയുക്ത കമ്മിറ്റിക്ക് ആയത് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**